# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1103 — 06.06.2018 ലെ മറുപടി

## കിഫ്ബിയിൽ സമർപ്പിച്ച കുടിവെള്ള പദ്ധതി പ്രൊപ്പോസൽ

**ചോദ്യം**

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ :

**മറുപടി**

മാത്യു ടി. തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) ഇരിമ്പിളിയം-എടയൂർ കുടിവെള്ള പദ്ധതിയുടെ പ്രൊപ്പോസലും കുറ്റിപ്പുറം -കങ്കക്കടവ് റെഗുലേറ്റർ- കം- ബ്രിഡ്ജിന്റെ പ്രൊപ്പോസലും കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ; അനുമതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) 2017-18 ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച മലപ്പുറം ജില്ലയിലെ എടയൂർ- ഇരിമ്പിളിയം പഞ്ചായത്തും വളാഞ്ചേരി മുൻസിപ്പാലിറ്റിയും ഉൾപ്പെട്ട സമഗ്ര കുടിവെള്ള പദ്ധതിയ്ക്കായി 75 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടിന് തത്വത്തിൽ അംഗീകാരം നല്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടിന്റെ പരിശോധനയ്ക്ക് ശേഷം കിഫ്ബി ചില വിശദീകരണങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതിനുള്ള മറുപടി തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കുറ്റിപ്പുറം - കങ്കക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിന് തത്വത്തിൽ അംഗീകാരം നല്കിയിട്ടുണ്ട്. കിഫ്ബിയിൽ സമർപ്പിക്കുന്നതിനായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| (ബി) കുറ്റിപ്പുറം-കങ്കക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ വിശദമായ പ്രോജെക്ട് റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) പ്രസ്തുത പ്രോജക്ടിന്റെ ഹാർഡ് കോപ്പിയും വിശദാംശങ്ങളും ജലസേചന വകുപ്പിൽ നിന്നും കെ.ഐ.ഐ.ഡി. സി.യിലേക്ക് നല്കിയിട്ടുണ്ട്. കിഫ്ബിയിൽ ഡി.പി.ആർ സമർപ്പിക്കാൻ വേണ്ട നടപടി സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (സി) മേൽപ്പറഞ്ഞ രണ്ടു പ്രവൃത്തികളും കിഫ്ബിയിൽ സമർപ്പിച്ച് അനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) എടയൂർ - ഇരിമ്പിളിയം പഞ്ചായത്തും വളാഞ്ചേരി മുൻസിപ്പാലിറ്റിയും ഉൾപ്പെട്ട സമഗ്ര കുടിവെള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടിന്റെ പരിശോധനയ്ക്ക് ശേഷം കിഫ്ബി ചില വിശദീകരണങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതിനുള്ള മറുപടി തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കുറ്റിപ്പുറം - കങ്കക്കടവ് റഗുലേറ്റർ കം ബ്രിഡ്ജിന്റെ ഡി.പി.ആർ കിഫ്ബിക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**